**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 521** **10-07-2024 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്,**<br>**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),**<br>**ശ്രീ. റോജി എം. ജോൺ** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുനർഗേഹം പദ്ധതി പ്രകാരം സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും നിലവിൽ നൽകുന്നത് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ; | (എ) | പുനർഗേഹം പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുവാനും ഭവന നിർമ്മാണത്തിനും കൂടി പരമാവധി 10 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നുണ്ട്. ഭൂമി വില 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും അടക്കം പരമാവധി 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഭൂമി വില 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. ഗുണഭോക്താക്കൾ ഒരുമിച്ച് ചേർന്ന് റസിഡന്റ്സ് ഗ്രൂപ്പായി എല്ലാ ഗ്രൂപ്പ് അംഗങ്ങളുടെയും പേരിൽ ഭൂമി വാങ്ങാവുന്നതും പ്രസ്തുത ഭൂമിയിൽ ഫ്ലാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കാവുന്നതുമാണ്. പദ്ധതി സഹായം ഓരോ ഗുണഭോക്താവിനും പരമാവധി 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.<br><br>വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് കാരണം പ്രസ്തുത തുക വീട് നിർമ്മാണത്തിന് പര്യാപ്തമല്ല എന്നത് വസ്തുതയാണോ; വിശദമാക്കാമോ; | (ബി) | പുനർഗേഹം പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന 10 ലക്ഷം രൂപയിൽ ഭൂമി വിലയായി ചെലവാകുന്നത് 6 ലക്ഷം രൂപയിൽ കുറവാണ് എങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോട് |

| | | | |
|---|---|---|---|
| | | | ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. കൂടാതെ ചെലവ് കുറയ്ക്കുന്നതിന് പുനർഗേഹം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷനു സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീസ് എന്നിവയ്ക്കു ചെലവാകുന്ന തുക കൂടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. |
| (സി) | എങ്കിൽ ഈയിനത്തിലുള്ള തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | പുനർഗേഹം പദ്ധതി പ്രകാരം നൽകുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ